

# വായന

ജമീൽ അഹ്മദ്

തെറ്റി വായിച്ചിടുന്നു ഞാൻ
പിന്നെയും
സൃഷ്ടികർത്താവിനുറ്റ വചസ്സുകൾ.
പോടുവീണു നശിച്ച ലോകത്തുനി-
ന്നോടി ഏകാന്തത തന്നകത്തിരു-
ന്നീടുമെൻ തോൾ കുലുക്കി കാലം നിന്റെ
ഏടു വായിച്ചെടുക്കാൻ കൽപിക്കവെ
കുറ്റമോതി തളർന്ന ഈ നാവിനാൽ
തെറ്റു വായിച്ചെടുക്കുന്നു പിന്നെയും.
കെട്ടുപോയിക്കറുത്ത എൻ നാവിന്റെ
കെട്ടുകളറുത്തീടണേ ദൈവമേ!

അർഥഭാരം തിരിച്ചറിയാതെത്ര
രാത്രിയിൽ ചെന്നടിഞ്ഞു പകലുകൾ
അക്ഷരങ്ങളിൽ പൊള്ളിനിന്നു കാല-
രക്ഷയായുദിക്കേണ്ടും പുലരികൾ
കൂട്ടിവായിച്ചറിയുന്ന നാവിനെ
പൂട്ടിയിട്ടു ചെകുത്താന്റെ വാക്കുകൾ.
തെറ്റിവായിച്ചു പിന്നെയും നേരിനെ
തൊട്ടിടാതെയൊടുങ്ങുന്നു ജീവിതം
വാക്കിലേക്കു വാതിൽ തുറന്നെന്നുടെ
നോക്ക് നേർവഴി പൂകിപ്പുലരണേ!

എന്നിലേക്കു വളർന്ന ദുരാർത്തികൾ
തന്നഹങ്കാരവെട്ടം മരിക്കവെ
മിന്നലിന്റെ ഭീതപ്രകാശത്തിലെൻ
മുന്നിലെ പാത പാമ്പുപോൽ നീളവെ
അന്ധനായ് ബധിരനായ് ഊമയായ്
വെന്തൊടുങ്ങാൻ നരകത്തിലേറവെ
ഗ്രന്ഥഭാരം ചുമക്കും കഴുതപോ-
ലന്ധകാരപ്രളയമായ് ജീവിതം.
എൻ മുതുകു ഞെരിച്ചിടും വാക്കിനെ
എന്നിൽനിന്നുമിറക്കിവയ്ക്കേണമേ!
തെറ്റി വായിച്ച്
തെറ്റുവായിച്ചകം-
കെട്ടറിവിനെ പോറ്റി തുലഞ്ഞ ഞാൻ
നെറ്റി മണ്ണിൽ തൊടുന്നു, നേരക്ഷര-
പ്പൂട്ടുകൾ നീ തുറന്നുതരേണമേ!

നിന്റെ പേരിൽ തുടങ്ങുന്ന വായന
നിന്നെ മാത്രം കുറിക്കുന്ന വായന
നിൻ പൊരുളിന്നഗാധ പാരാവാര
വൻപുകൾ തേടിടും പുനർവായന
നീയെഴുതാൻ പഠിപ്പിച്ച പേനയെ-
ന്നായുധമായ് ഉയർത്തിപ്പിടിച്ച്, വൻ
കോട്ടകെട്ടി ഭരിക്കും പിശാചിനെ-
ച്ചുട്ടെരിക്കും വിമോചന വായന.

തെറ്റിവായിച്ചിടുന്നുവോ
പിന്നെയും
സൃഷ്ടികർത്താവിനുറ്റ വചസ്സുകൾ?